(സി) ജോഗിയുടെ കുടുംബത്തെ സർക്കാർ പ്രതിനിധികൾ ആരെങ്കിലും സന്ദർശിക്കുകയോ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സുൽത്താൻ ബത്തേരി, മാനന്തവാടി, ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ, മാനന്തവാടി ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ എന്നിവർ സന്ദർശിക്കുകയും ആശ്വാസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റേഷനറി വകുപ്പ് കമ്പ്യൂട്ടർവൽക്കരണ നടപടി

153 [1132] ശ്രീ. പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി പൂർത്തിയായാൽ പ്രസ്തുത വകുപ്പിൽ ജീവനക്കാരുടെ എണ്ണം എത്രത്തോളം കുറയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) സ്റ്റേഷനറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായാൽ ജീവനക്കാരുടെ എണ്ണം കുറയാൻ സാധ്യതയില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly